"Production and Marketing of Safe to Eat (Pesticide free) vegetables, fruits and food products for sale through government outlets"

Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University in association with Dept. Of Agriculture, Horticorp, VFPCK and SHM-K

**2017-ലെ റിപ്പോർട്ട് (നമ്പർ 34/2017)**

**MARKET AND ORGANIC SAMPLES**

# PAMSTEV – FFP 34/2017

നാം നിത്യവും ഉപയോഗിക്കുന്ന പഴംപച്ചക്കറികൾ മിക്കതും അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതു കൊണ്ട് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി വിഷാംശം എത്ര എന്ന് കണ്ടു പിടിക്കാൻ പച്ചക്കറി കടകളിൽ നിന്ന് സാമ്പിൾ എടുത്തു പരിശോധന നടത്തുന്ന ഒരു പ്ലാൻ സ്കീം കാർഷിക സർവകലാശാലയും കൃഷി വകുപ്പും ചേർന്ന് 01/01/2013ൽ ആരംഭിച്ചു. പദ്ധതിയുടെ ആറാംവർഷ പ്രവർത്തനമാണിപ്പോൾ നടക്കുന്നത്.

## അത്യാധുനിക ഉപകരണത്തിലെ പരിശോധനയിൽ പുതിയ കണ്ടെത്തൽ

ലാബറട്ടറിയിൽ രാഷ്ട്രീയ കൃഷി വികാസ് യോജന-യുടെ (RKVY) ധനസഹായത്തോടെ പുതിയതായി വാങ്ങിയ *തെർമോ സയന്റിഫിക്ക്* (ലിക്വിഡ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ) എന്ന അത്യാധുനിക ഉപകരണത്തിന്റെ സഹായത്തോടെ പച്ചക്കറി/പഴവർഗ്ഗം സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ആരംഭിച്ചു. കീടനാശിനി 100 കോടിയിൽ ഒരു അംശം എങ്കിലും ഉണ്ടെങ്കിൽ അത് ഈ ഉപകരണത്തിന്റെ സഹായത്തോടെ കണ്ടെത്താൻ കഴിയും. എറണാകുളം നഗരത്തിൽ ജൈവ ബ്രാന്റ് എന്ന ലേബലിൽ വിൽക്കുന്ന ഒരു വൻകിട ഹൈപ്പർ മാർക്കറ്റിൽ നിന്നും ശേഖരിച്ച കാപ്സിക്കം (Capsicum), ബജി മുളക് (Baji chilli), മുന്തിരി (റെഡ് ഗ്ലോബ്) (Grapes red globe), പാഷൻഫ്രൂട്ട് പിങ്ക് (Passionfruit pink) എന്നിവയിൽ ഏഴോളം പുതുനിര കീടനാശിനികളുടെ സാന്നിദ്ധ്യം ആണ് ഈ ഉപകരണത്തിൽ കണ്ടെത്തിയത്. *വിശാൽ കുമാർ. എസ്, ഡോ. പ്രതീഷ്കുമാർ. എൻ* എന്നീ ഗവേഷകരാണ് ഈ പരിശോധന നടത്തിയത്. ഇമിഡാക്ലോപ്രിഡ് (Imidacloprid), അസെറ്റാമിപ്രിഡ് (Acetamiprid), ക്ലോതയാനിഡിൻ (Clothianidin), അസഫേറ്റ് (Acephate), ബുപ്രോഫെസിൻ (Buprofezin) എന്നീ അഞ്ച് ഇനം കീടനാശിനികളും, ടെബുകൊണാസോൾ (Tebuconazole), ഇപ്രോവാലികാർബ് (Iprovalicarb) എന്നീ രണ്ട് ഇനം കുമിൾശിനികളും ഉൾപെടെ ഏഴ് രാസകീടനാശിനികളാണ് ജൈവ ലേബലിൽ വിൽക്കുന്ന ഒരു കാപ്സിക്കം (Capsicum) സാമ്പിളിൽ തന്നെ കണ്ടെത്തിയത്. 'വിഷരഹിതം' എന്ന് ബ്രാൻഡ് ചെയ്ത് പ്രത്യേക റാക്കിൽ വിൽക്കുന്ന ബജി മുളകിൽ അസെറ്റാമിപ്രിഡ് (Acetamiprid), മെറ്റാലാക്സിൽ (Metalaxyl), ക്ലോറാൻട്രാനിലിപ്രോൾ (Chlorantraniliprole) എന്നീ മൂന്ന് ഇനം കീടനാശിനികളുടെ സാന്നിദ്ധ്യം ആണ് കണ്ടെത്തിയത്.

പൊതുവെ വിഷരഹിതമായി റിപ്പോർട്ട് ചെയ്തിട്ടുള്ള വിദേശ ആപ്പിൾ ഇനങ്ങൾ തിരുവനന്തപുരം നഗരത്തിലെ മറ്റൊരു വൻകിട ഹൈപ്പർ മാർക്കറ്റിൽ നിന്നും ശേഖരിച്ച് പുതിയ ഉപകരണത്തിൽ പരിശോധിച്ചപ്പോൾ അസെറ്റാമിപ്രിഡ് (Acetamiprid) എന്ന പുതുനിര കീടനാശിനി ആപ്പിൾ റോയൽ ഗാലയിലും (Apple royal gala), കറുത്ത മുന്തിരിയിലും (Grapes black) കണ്ടെത്തി. കുരുഇല്ലാത്ത പച്ചമുന്തിരിയിൽ (Green grapes seedless) ഇമിഡാക്ലോപ്രിഡ് (Imidacloprid), കാർബൻഡാസിം (Carbendazim), ഡൈമെത്തോയേറ്റ് (Dimethoate) എന്നീ മൂന്ന് ഇനം കീടനാശിനികളും, ഇറക്കുമതി ചെയ്ത പ്ലമ്മിന്റെ സാമ്പിളിൽ ഡൈമെത്തോയേറ്റ് (Dimethoate) എന്ന കീടനാശിനിയുടെ സാന്നിദ്ധ്യവും കണ്ടെത്തി. പുതിയ അത്യാധുനിക ഉപകരണം ഉപയോഗിച്ച് പരിശോധന നടത്തിയപ്പോൾ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെടാത്ത കൂടുതൽ പുതുനിര കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തി എന്നുള്ളത് പരിശോധനാ രീതികൾ ഊർജ്ജിതമാക്കേണ്ട ആവശ്യകതയെയും സൂചിപ്പിക്കുന്നു.

2013 മേയ് 31നു് കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പച്ചക്കറികൾ കൂടാതെ പഴവർഗ്ഗങ്ങൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവ കൂടി പരിശോധനാ വിധേയമാക്കാൻ തീരുമാനിച്ചത് ആണ്. കൃഷി വകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പാക്കിയ പ്ലാൻ സ്കീമിന്റെ കീഴിലുള്ള "സേഫ് റ്റു ഈറ്റ്" പദ്ധതിയുടെ 2016 ജനുവരി 1 മുതൽ മാർച്ച് 31 വരെ പരിശോധന നടത്തിയതിന്റെ 33-ാമത്തെ റിപ്പോർട്ടും ഇതുവരെ നടത്തിയ പരിശോധനകളിൽ വിഷാംശം കണ്ടെത്തിയ ഉല്പന്നങ്ങളിൽ നിന്ന് വിഷാംശം പരമാവധി നീക്കം ചെയ്ത്

ഭക്ഷ്യസുരക്ഷിതം ആക്കുന്നതിനുള്ള ഉപഭോക്തൃതല പാക്കേജ്, പൊതുതാല്പര്യപ്രകാരം ഇതേ വെബ് സൈറ്റിൽ "ഭക്ഷ്യസുരക്ഷിത" SAFE TO EAT PACKAGE പാക്കേജ് –1 പച്ചക്കറികൾ എന്ന പേരിൽ (32-ാം റിപ്പോർട്ട്) www.kerala.gov.in എന്ന സർക്കാർ വെബ് സൈറ്റിൽ റിപ്പോർട്ട് & മാന്വൽ എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചതാണ്. 34-ാമത്തെ ഈ റിപ്പോർട്ട് 2017 ലെ ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ട് ആണ്.

2016 ജനുവരി മുതൽ ഓരോ മാസവും പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം 100 ആയി ക്രമീകരിക്കുകയും, ജൈവജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് നിന്നും, ഇതര ജില്ലകളിലെ വിവിധ മാർക്കറ്റുകളിൽ നിന്നും ജൈവ വിപണികളിൽ നിന്നും ശേഖരിക്കുകയും ചെയ്യാൻ തീരുമാനിച്ചു. ഇതിന് പുറമെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പ്രത്യേക നിർദേശപ്രകാരം എല്ലാ ജില്ലകളിലെയും മാർക്കറ്റിംഗ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ "ഉത്തമകൃഷി" (GAP) ചെയ്യുന്ന കർഷക ക്ലസ്റ്ററുകളിൽ നിന്നും എക്കോഷോപ്പുകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി കർഷകർക്ക് സാക്ഷ്യപത്രം നൽകുന്ന നടപടിയും 2016-2017 മുതൽ ആരംഭിച്ചു. ശേഖരിച്ച സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി"യിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. പരിശോധനക്കുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും, കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമറ്റോഗ്രാഫ്, ഗ്യാസ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങളുമുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സർക്കാർ തലത്തിലെ ഒരേയൊരു കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി ആണിത്. ഇപ്രകാരം ഒരോ സാമ്പിൾ പരിശോധിക്കുന്നതിനും 4500 രൂപ ചിലവ് വേണ്ടി വരുന്നു. വിവിധ ഇനം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കൂടാതെ വിവിധ ബ്രാൻഡുകളിൽ മാർക്കറ്റിൽ ലഭ്യമായ സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പാക്കറ്റിൽ ലഭിക്കുന്ന വിവിധ ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് പ്രത്യേക പട്ടിക ആയി കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച 24 ഇനം പച്ചക്കറികളുടെ 41 സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് രണ്ടായി തരം തിരിച്ച് പട്ടിക 1&2 (പേജ് 4, 5, 6, 7) കൊടുത്തിരിക്കുന്നു. ഒന്നിലധികം കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയത് ചുവപ്പ് ചീര (1), ബ്രോഡ് ബീൻസ് (1), കാപ്സിക്കം (മഞ്ഞ) (1), സാമ്പാർ മുളക് (1), മല്ലിയില (2), കറിവേപ്പില (2), പുതീനഇല (3), പാർസ്‌ലി (1), ബജി മുളക് (1), കാപ്സിക്കം(ചുവപ്പ്) (1) എന്നിവയുടെ സാമ്പിളുകളിൽ ആണ്. ശേഷിച്ച സാമ്പിളുകൾ പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ നഗരങ്ങളിലെ പ്രവർത്തിക്കുന്ന സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച 19 ഇനം പച്ചക്കറികളുടെ 34 സാമ്പിളുകളുടെ പരിശോധനാഫലം പട്ടിക 3, 4 (പേജ് 7, 8, 9) കൊടുത്തിരിക്കുന്നു. ഒന്നിലധികം കീടനാശിനികളുടെ സാന്നിദ്ധ്യം കറിവേപ്പില (1), പച്ചമുളക് (1), പുതീന ഇല (1), ബജി മുളക് (1), കാപ്സിക്കം (പച്ച) (1), ചുവന്നുള്ളി (1), ഉരുളക്കിഴങ്ങ് (1) എന്നിവയുടെ സാമ്പിളുകളിൽ ആണ് കണ്ടെത്തിയത്. പരിശോധിച്ച ബാക്കി എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

കൊല്ലം, മലപ്പുറം, ആലപ്പുഴ നഗരങ്ങളിലെ കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച 15 ഇനം പച്ചക്കറികളുടെ 25 സാമ്പിളുകളുടെ പരിശോധനാഫലം പട്ടിക 5, 6 (പേജ് 10) കൊടുത്തിരിക്കുന്നു. കീടനാശിനികളുടെ സാന്നിദ്ധ്യം പാവക്ക (1) സാമ്പിളിൽ ആണ് കണ്ടെത്തിയത്. പരിശോധിച്ച ബാക്കി എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

വിവിധ ജില്ലകളിലെ (എറണാകുളം, തിരുവനന്തപുരം) പൊതുവിപണിയിൽ നിന്നും ശേഖരിച്ച 26 ഇനം പഴവർഗ്ഗങ്ങളുടെ 32 സാമ്പിളുകളിൽ പട്ടിക 7, 8 (പേജ് 11,12,13) ഒന്നിലധികം കീടനാശിനികളുടെ സാന്നിദ്ധ്യം ആപ്പിൾ റോയൽ ഗാല (1), സാധാരണ ആപ്പിൾ (1), പച്ച മുന്തിരി (കുരുഇല്ലാത്തത്) (1), മുന്തിരി (റെഡ് ഗ്ലോബ്) (2), സാധാരണ ഓറഞ്ച് (1), പാഷൻഫ്രൂട്ട് (1), പ്ലം (1) എന്നിവയുടെ സാമ്പിളുകളിൽ ആണ് കണ്ടെത്തിയത്. പരിശോധിച്ച ബാക്കി എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

ഇടുക്കി, കാസർക്കോട്, മലപ്പുറം, പാലക്കാട് കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച 10 ഇനം പഴവർഗ്ഗങ്ങളുടെ 10 സാമ്പിളുകളിൽ പട്ടിക 9, 10 (പേജ് 14) കീടനാശിനിയുടെ സാന്നിദ്ധ്യം മാമ്പഴം മൂവാണ്ടൻ (1) സാമ്പിളിൽ ആണ് കണ്ടെത്തിയത്. പരിശോധിച്ച ബാക്കി എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച 4 ഇനം പഴവർഗ്ഗങ്ങളുടെ 4 സാമ്പിളുകളിൽ പട്ടിക 11 (പേജ് 15). പരിശോധിച്ച എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

**തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 3 ഇനം ഉണങ്ങിയ പഴവർഗ്ഗത്തിന്റെ 8 സാമ്പിൾ പരിശോധിച്ചതിൽ പട്ടിക 12 (പേജ് 15) എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.**

**തിരുവനന്തപുരം ജില്ലയിലെ പൊതുവിപണിയിൽ നിന്നും ശേഖരിച്ച 2 ഇനത്തിൽപ്പെട്ട സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ 2 സാമ്പിളുകളിൽ പട്ടിക 13 (പേജ് 15) എല്ലാം തന്നെ വിഷവിമുക്തമായാണ് പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നത്.**

**തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളിലെ സൂപ്പർ/ഹൈപ്പർ/ജൈവ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 24 ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയുടെ 80 സാമ്പിളുകളെ പട്ടിക 14&15 (പേജ് 16, 17, 18) വിഷാംശത്തിന്റെ തോത് അനുസരിച്ച് തരം തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു. അയമോദകം (1), ഏലയ്ക്ക (4), വറ്റൽമുളക് (2), മുളക്പൊടി (5), മല്ലിപൊടി (1), ചതച്ചമുളക് (1), ജീരകപൊടി (3), ജീരകം (1), ഉലുവയില (2) സാമ്പിളുകളിൽ ഒന്നിലധികം കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തി. ശേഷിച്ച സാമ്പിളുകൾ പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു. സുഗന്ധവ്യഞ്ജനങ്ങളിലെ അവശിഷ്ട വിഷാംശത്തെപ്പറ്റി കൂടുതൽ വിശദമായ പഠനങ്ങൾ ആവശ്യമാണെന്നാണ് ഈ പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നത്.**

## കൂടുതൽ വിവരങ്ങൾക്ക്:

**ഡോ. തോമസ് ബിജു മാത്യു**
**അസ്സോസ്സിയേറ്റ് ഡയറക്ടർ (സസ്യ-സംരക്ഷണം) & പ്രൊഫസ്സർ ആൻഡ് ഹെഡ്**
പെസ്റ്റിസൈഡ് റെസിഡ്യൂ ലാബ് (PRRAL) (കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി),
കാർഷിക കോളേജ്, വെള്ളായണി പി.ഒ; തിരുവനന്തപുരം 695 522
ഫോൺ നമ്പർ: 0471 -2380520, 2388167 മൊബൈൽ: 9895408332
ഇ-മെയിൽ: biju.mathew@kau.in

## റിസേർച്ച് ടീം: "സേഫ് റ്റു ഈറ്റ്" പദ്ധതി

| | | |
|---|---|---|
| ബിനോയ്.എ.കോശി | സീനിയർ റിസേർച്ച് ഫെല്ലോ | 9846062132 |
| പ്രിയ. എൽ | ജൂനിയർ റിസേർച്ച് ഫെല്ലോ | 9847240318 |
| സൂര്യമോൾ.എസ് | ജൂനിയർ റിസേർച്ച് ഫെല്ലോ | 9446018451 |
| സാൽമോൻ.വി.എസ്. | സ്കിൽഡ് അസിസ്റ്റന്റ് | 9947916428 |
| ശബരിനാഥ് | സ്കിൽഡ് വർക്കർ | 9037933206 |

| Table: 1<br>പട്ടിക: 1 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Vegetable - Market) | |
|---|---|---|
| | മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | 41 |
| | ഇനം (Types) | 24 |

**തിരുവനന്തപുരം**
**Trivandrum**

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
|---|---|---|
| ആർട്ടിചോക്ക് | Arthichoke | 1 |
| ബീൻസ് | Beans | 1 |
| വഴുതന | Brocolie | 2 |
| കാപ്സിക്കം (പച്ച) | Capsicum green | 2 |
| കാരറ്റ് | Carrot | 1 |
| കോളിഫ്ളവർ | Cauliflower | 1 |
| വെളുത്തുള്ളി | Garlic | 1 |
| പച്ചമുളക് | Green chilli | 6 |
| ഹാരികോട്ട് ബീൻസ് | Haricot beans | 1 |
| കോവക്ക | Ivy gourd | 2 |
| ലീക്ക് | Leek | 2 |
| സലാഡ് വെള്ളരി | Salad cucumber | 1 |
| തക്കാളി | Tomato | 1 |
| പയർ | Vegetable cowpea | 1 |

**23/23**

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
Safe to Eat
23 samples of 14 types
14 ഇനത്തിൽപെട്ട 23 സാമ്പിളുകൾ

**എറണാകുളം**
**Ernakulam**

| കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
|---|---|---|
| ചുവപ്പ് ചീര | Amaranthus red | 1/1 |
| ബ്രോഡ് ബീൻസ് | Broad beans | 1/1 |
| കാപ്സിക്കം( മഞ്ഞ) | Capsicum yellow | 1/1 |
| സാമ്പാർ മുളക് | Chilli big | 1/1 |
| മല്ലിയില | Coriander leaves | 2/5 |
| കറിവേപ്പില | Curry leaves | 2/3 |
| പുതിനഇല | Mint leaves | 3/3 |
| പാർസ്‌ലി | Parsley | 1/1 |
| ബജി മുളക് | Baji chilli | 1/1 |
| കാപ്സിക്കം(ചുവപ്പ്) | Capsicum red | 1/1 |

**കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ**
(Pesticide detected)
14 samples of 10 types
10 ഇനത്തിൽപെട്ട 14 സാമ്പിളുകൾ

**14/18**

**Table: 2**
**പട്ടിക: 2**

**പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ**

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 1. | ചുവപ്പ് ചീര (Amaranthus red)  1/1 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് (Chlorpyriphos) | 0.06 ppm |
| 2. | ബജി മുളക് (Baji chilli)  1/1 | സാമ്പിൾ: 1 Sample: 1 | ഇമിഡാക്ലോപ്രിഡ് (Imidacloprid) | 0.06 ppm |
| | | | കാർബോഫുറാൻ (Carbofuran) | 0.23 ppm |
| | | | ടെബുകൊണാസോൾ (Tebuconazole) | 1.25 ppm |
| | | | ട്രൈഫ്ളോക്സിസ്ട്രോബിൻ (Trifloxystrobin) | 0.21 ppm |
| 3. | ബ്രോഡ് ബീൻസ് (Broad beans)  1/1 | സാമ്പിൾ: 1 Sample: 1 | ഫെൻവാലറേറ്റ് (Fenvalerate) | 0.06 ppm |
| 4. | കാപ്സിക്കം( മഞ്ഞ)  (Capsicum yellow) 1/1 | സാമ്പിൾ: 1 Sample: 1 | സൈഫ്ളുത്രിൻ (Cyfluthrin) | 0.18 ppm |
| | | | ഇമിഡാക്ലോപ്രിഡ് Imidacloprid | 2.63 ppm |
| 5. | സാമ്പാർ മുളക് (Chilli big)  1/1 | സാമ്പിൾ: 1 Sample: 1 | ബൈഫെൻത്രിൻ (Bifenthrin) | 0.05 ppm |
| | | | അസഫേറ്റ് (Acephate) | 0.24 ppm |
| | | | ഇമിഡാക്ലോപ്രിഡ് Imidacloprid | 0.35 ppm |
| | | | ടെബുകൊണാസോൾ (Tebuconazole) | 0.16 ppm |

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 6. | മല്ലിയില (Coriander leaves)  2/5 | സാമ്പിൾ: 1 Sample: 1 | ക്യുനാൽഫോസ് Quinalphos | 1.79 ppm |
| | | | പ്രൊഫെനോഫോസ് (Profenophos) * | 2.39 ppm |
| | | സാമ്പിൾ: 2 Sample: 2 | ഇമിഡാക്ലോപ്രിഡ് Imidacloprid | 0.09 ppm |
| 7. | കറിവേപ്പില (Curry leaves)  2/3 | സാമ്പിൾ: 1 Sample: 1 | പ്രൊഫെനോഫോസ് (Profenophos) * | 0.42 ppm |
| | | സാമ്പിൾ: 2 Sample: 2 | പ്രൊഫെനോഫോസ് (Profenophos) * | 2.65 ppm |
| | | | എത്തയോൺ (Ethion | 0.50 ppm |
| | | | സൈപെർമെത്രിൻ (Cypermethrin) | 0.09 ppm |
| 8. | കാപ്സിക്കം (ചുവപ്പ്) (Capsicum red)  1/1 | സാമ്പിൾ: 1 Sample: 1 | ഇമിഡാക്ലോപ്രിഡ് (Imidacloprid) | 0.72 ppm |
| | | | കാർബൻഡാസിം (Carbendazim) | 0.07 ppm |
| | | | ക്ലോതയാനിഡിൻ (Chlothianidin) | 0.13 ppm |
| | | | അസോക്സിസ്ട്രോബിൻ (Azoxystrobin) | 0.16 ppm |
| | | | ടെബുകൊണാസോൾ (Tebuconazole) | 0.31 ppm |
| 9. | പുതീന ഇല  (Mint leaves) 3/3 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് (Chlorpyriphos) | 0.31 ppm |
| | | സാമ്പിൾ: 2 Sample: 2 | ക്ളോർപൈറിഫോസ് (Chlorpyriphos) | 1.5 ppm |
| | | | സൈപെർമെത്രിൻ (Cypermethrin) | 0.68 ppm |
| | | | പ്രൊഫെനോഫോസ് (Profenophos) * | 0.10 ppm |
| | | | ക്ളോർപൈറിഫോസ് (Chlorpyriphos) | 1.5 ppm |
| | | | കാർബൻഡാസിം (Carbendazim) | 0.09 ppm |
| | | സാമ്പിൾ: 3 Sample: 3 | പ്രൊഫെനോഫോസ് (Profenophos) * | 0.16 ppm |
| * കേരള സർക്കാർ 2011ൽ നിരോധിച്ച കീടനാശിനി | | | | |

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 10. | പാർസ്‌ലി  (Parsley) 1/1 | സാമ്പിൾ: 1 Sample: 1 | ഫെൻവാലറേറ്റ് (Fenvalerate) | 2.01 ppm |
| | | | ക്യനാൽഫോസ് Quinalphos | 0.14 ppm |
| | | | തയോമെറ്റോൺ Thiometon | 8.98 ppm |
| | | | ഹെക്സാകെണസോൾ Hexaconazole | 0.39 ppm |

| Table: 3 / പട്ടിക: 3 | "ജൈവപച്ചക്കറി" ബ്രാൻഡ് ചെയ്ത് വിൽക്കുന്ന സ്വകാര്യ ഷോപ്പുകളിലെ സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Organic samples from Vegetable shops) | | | | |
|---|---|---|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | | 34 | | |
| ഇനം (Types) | | | 19 | | |
| തിരുവനന്തപുരം Trivandrum | എറണാകുളം ERNAKULAM | | | തൃശ്ശൂർ THRISSUR | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
| ബീൻസ് | Beans | 1 | കറിവേപ്പില | Curry leaves | 1/4 |
| വെണ്ടക്ക | Bhindi | 2 | പച്ചമുളക് | Green chilli | 1/3 |
| കത്തിരി | Brinjal(round) | 1 | പുതീന ഇല | Mint leaves | 1/1 |
| കാബേജ്(വെള്ള) | Cabbage (ordinary) | 2 | ബജി മുളക് | Baji chilli | 1/1 |
| മല്ലിയില | Coriander leaves | 2 | കാപ്സിക്കം (പച്ച) | Capsicum(green) | 1/2 |
| വെളുത്തുള്ളി | Garlic | 2 | ചുവന്നുള്ളി | Onion small | 1/1 |
| ഇഞ്ചി | Ginger | 3 | ഉരുളക്കിഴങ്ങ് | Potato | 1/2 |
| കോവക്ക | Ivy gourd | 2 | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) 7 samples of 7 types 7 ഇനത്തിൽപെട്ട 7 സാമ്പിളുകൾ | | |
| സവാള | Onion big | 2 | | | |
| പടവലം | Snake gourd | 1 | | | |
| തക്കാളി | Tomato | 1 | | | |
| പയർ | Vegetable cowpea | 1 | | | |
| 20/20 | | | 7/14 | | |
| തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) 20 samples of 12 types 12 ഇനത്തിൽപ്പെട്ട 20 സാമ്പിളുകൾ | | | | | |

**Table: 4**

**പട്ടിക: 4**

**“ജൈവപച്ചക്കറി”ബ്രാൻഡ് ചെയ്ത് വിൽക്കുന്ന സ്വകാര്യ ഷോപ്പുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ**

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 1. | കറിവേപ്പില (Curry leaves)  1/4 | സാമ്പിൾ: 1 Sample: 1 | ബൈഫെൻത്രിൻ (Bifenthrin) | 0.83 ppm |
| 2. | പച്ചമുളക് (Green chilli)  1/3 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് (Chlorpyriphos) | 0.08 ppm |
| | | | ഡൈമെത്തോയേറ്റ് (Dimethoate) | 2.34 ppm |
| 3. | പുതിന ഇല  (Mint leaves) 1/1 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് (Chlorpyriphos) | 0.24 ppm |
| 4. | ബജി മുളക് (Baji chilli)  1/1 | സാമ്പിൾ: 1 Sample: 1 | അസെറ്റാമിപ്രിഡ് (Acetamiprid) | 0.95 ppm |
| | | | മെറ്റാലാക്സിൽ (Metalaxyl) | 0.65 ppm |
| | | | ക്ലോറാൻട്രാനിലിപ്രോൾ (Chlorantraniliprole) | 0.07 ppm |

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 5. | കാപ്സിക്കം (പച്ച) (Capsicum green)  1/2 | സാമ്പിൾ: 1 Sample: 1 | അസഫേറ്റ് (Acephate) | 1.78 ppm |
| | | | ഇമിഡാക്ലോപ്രിഡ് (Imidacloprid) | 0.69 ppm |
| | | | ക്ലോതയാനിഡിൻ (Clothianidin) | 0.70 ppm |
| | | | അസെറ്റാമിപ്രിഡ് (Acetamiprid) | 1.12 ppm |
| | | | ഇപ്രോവാലികാർബ് (Iprovalicarb) | 0.22 ppm |
| | | | ടെബുകൊണാസോൾ (Tebuconazole) | 0.84 ppm |
| | | | ബുപ്രോഫെസിൻ (Buprofezin) | 0.12 ppm |
| 6. | ചുവന്നുള്ളി (Onion small)  1/1 | സാമ്പിൾ: 1 Sample: 1 | ഡൈമെത്തോയേറ്റ് (Dimethoate) | 0.67 ppm |
| 7. | ഉരുളക്കിഴങ്ങ് (Potato)  1/2 | സാമ്പിൾ: 1 Sample: 1 | ഡൈമെത്തോയേറ്റ് (Dimethoate) | 0.48 ppm |

`

| Table: 5<br>പട്ടിക: 5 | കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Organic samples from Ecoshops) | | | | |
|---|---|---|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | | 25 | | |
| ഇനം (Types) | | | 15 | | |
| ആലപ്പുഴ<br>Alappuzha | | കൊല്ലം<br>Kollam | | മലപ്പുറം<br>Malappuram | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
| പച്ച ചീര | Amaranthus green | 1 | പാവക്ക | Bitter gourd | 1/3 |
| കുമ്പളം | Ash gourd | 1 | | | |
| കറിക്കായ് | Banana raw | 1 | | | |
| വെണ്ടക്ക | Bhindi | 3 | | | |
| വഴുതന | Brinjal long | 1 | | | |
| അമരക്ക | Cluster beans | 1 | | | |
| ചേമ്പ് | Colocasia | 1 | | | |
| കറിവേപ്പില | Curry leaf | 1 | | | |
| ചേന | Elephant foot yam | 1 | | | |
| പച്ചമുളക് | Green chilli | 2 | | | |
| കോവക്ക | Ivy gourd | 2 | | | |
| വെള്ളരി | Melon | 2 | | | |
| സലാഡ് വെള്ളരി | Salad cucumber | 2 | | | |
| പയർ | Vegetable cowpea | 3 | | | |
| **22/22** | | | **1/3** | | |

തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)
22 samples of 14 types
14 ഇനത്തിൽപ്പെട്ട 22 സാമ്പിളുകൾ

കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ
(Pesticide detected)
1 samples of 1 type
1 ഇനത്തിൽപെട്ട 1 സാമ്പിൾ

| Table: 6<br>പട്ടിക: 6 | " കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|---|
| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
| 1. | പാവക്ക (Bitter gourd)  1/3 | സാമ്പിൾ: 1<br>Sample: 1 | ബൈഫെൻത്രിൻ (Bifenthrin) | 0.11 ppm |

| Table: 7<br>പട്ടിക: 7 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളുടെ സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Fruit samples -Market) | | | | |
|---|---|---|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | | | | 32 |
| ഇനം (Types) | | | | | 26 |
| എറണാകുളം<br>ERNAKULAM | | | തിരുവനന്തപുരം<br>TRIVANDRUM | | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത്<br>(No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ<br>(Pesticide detected) | | |
| ആപ്പിൾ ഫുജി | Apple Fuji | 1 | ആപ്പിൾ റോയൽ ഗാല | Apple royal gala | 1/1 |
| ആപ്പിൾ ഗാല | Apple gala | 1 | സാധാരണ ആപ്പിൾ | Apple ordinary | 1/2 |
| ആപ്പിൾ ഗ്രീൻ ഗ്രാനി | Apple green (Grani) | 2 | പച്ചമുന്തിരി (കുരുഇല്ലാത്തത്) | Grapes green(seedless) | 1/1 |
| വെണ്ണപ്പഴം (അവക്കാഡോ) | Avocado | 1 | മുന്തിരി (റെഡ് ഗ്ലോബ്) | Grapes red globe | 2/2 |
| ഏത്തപ്പഴം | Banana | 1 | പാഷൻഫ്രൂട്ട് | Passion fruit | 1/1 |
| പച്ച മുന്തിരി | Grapes green | 2 | പ്ലം | Plum | 1/2 |
| മുന്തിരി (റെഡ് ഗ്ലോബ്) | Grapes red globe | 1 | സാധാരണ ഓറഞ്ച് | Orange ordinary | 1/1 |
| സാധാരണ മാമ്പഴം | Mango ordinary | 2 | | | |
| കിവി | Kiwi | 1 | | | |
| മാമ്പഴം ലാൽ ബാങ്ങ് | Mango Lal bang | 1 | | | |
| മാമ്പഴം പഞ്ചവടി | Mango panchavadi | 1 | | | |
| മാമ്പഴം റുമാനി | Mango Rumani | 1 | | | |
| ഓറഞ്ച് ഇറക്കുമതി | Orange imported | 1 | | | |
| ഓറഞ്ച് നാഗ്പൂർ | Orange Nagpur | 1 | | | |
| കൈതച്ചക്ക | Pineapple | 1 | | | |
| മാതളം | Pomegranate | 1 | | | |
| സപ്പോട്ട | Chikku | 1 | | | |
| തണ്ണിമത്തൻ കിരൺ | Water melon(Kiran) | 1 | | | |
| കറുത്ത മുന്തിരി | Grapes black | 1 | | | |
| 22/22 | | | 8/10 | | |

**കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ**
**(Pesticide detected)**
**8 samples of 7 types**
**7 ഇനത്തിൽപെട്ട 8 സാമ്പിളുകൾ**

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**

22 samples of 19 types
19 ഇനത്തിൽപ്പെട്ട 22 സാമ്പിളുകൾ

| Table: 8<br>പട്ടിക: 8 | പൊതുവിപണികളിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|---|
| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
| 1. | ആപ്പിൾ റോയൽ ഗാല  (Apple Royalgala) 1/1 | സാമ്പിൾ: 1 Sample: 1 | അസെറ്റാമിപ്രിഡ് (Acetamiprid) | 0.06 ppm |
| 2. | സാധാരണ ആപ്പിൾ  (Apple ordinary) 1/2 | സാമ്പിൾ: 1 Sample: 1 | കാർബൻഡാസിം (Carbendazim) | 0.09 ppm |
| 3. | സാധാരണ ഓറഞ്ച് (Orange ordinary)  1/1 | സാമ്പിൾ: 1 Sample: 1 | ഡൈമെത്തോയേറ്റ് (Dimethoate) | 2.02 ppm |
| 4. | പച്ച മുന്തിരി (കുരുഇല്ലാത്തത്)  (Grapes green seedless) 1/1 | സാമ്പിൾ: 1 Sample: 1 | കാർബൻഡാസിം (Carbendazim) | 1.11 ppm |
| | | | ഇമിഡാക്ലോപ്രിഡ് (Imidacloprid) | 0.09 ppm |
| | | | ഡൈമെത്തോയേറ്റ് (Dimethoate) | 0.43 ppm |

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 5. | പ്ലം  (Plum) 1/2 | സാമ്പിൾ: 1 Sample: 1 | ഡൈമെത്തോയേറ്റ് (Dimethoate) | 0.33 ppm |
| 6. | മുന്തിരി (റെഡ് ഗ്ലോബ്)  (Grapes red globe) 2/2 | സാമ്പിൾ: 1 Sample: 1 | കാർബൻഡാസിം (Carbendazim) | 0.09 ppm |
| | | | ഇമിഡാക്ലോപ്രിഡ് (Imidacloprid) | 1.31 ppm |
| | | | മെറ്റാലാക്സിൽ (Metalaxyl) | 0.57 ppm |
| | | | അസോക്സിസ്ട്രോബിൻ (Azoxystrobin) | 1.12 ppm |
| | | സാമ്പിൾ: 2 Sample: 2 | അസെറ്റാമിപ്രിഡ് (Acetamiprid) | 0.39 ppm |
| 7. | പാഷൻഫ്രൂട്ട്  (Passion fruit) 1/1 | സാമ്പിൾ: 1 Sample: 1 | കാർബൻഡാസിം (Carbendazim) | 0.06 ppm |

| Table: 9<br>പട്ടിക: 9 | കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ/കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച പഴവർഗ്ഗങ്ങളുടെ സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Ecoshop/farmers fruit samples) | | | | |
|---|---|---|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | | | 10 | |
| ഇനം (Types) | | | | 10 | |
| ഇടുക്കി IDUKKI | കാസർക്കോട് KASARGOD | | മലപ്പുറം MALAPPURAM | പാലക്കാട് PALAKKAD | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
| നെയ്യ്പൂവൻ | Naipoovan | 1 | മാമ്പഴം മൂവാണ്ടൻ | Mango Moovandan | 1/1 |
| സാധാരണ മാമ്പഴം | Mango ordinary | 1 | | | |
| മാമ്പഴം ബെങ്കനപ്പള്ളി | Mango benganapally | 1 | | | |
| മാമ്പഴം നീലം | Mango neelam | 1 | | | |
| മാമ്പഴം സിന്ദൂരം | Mango sindooram | 1 | | | |
| മാമ്പഴം തൊട്ടാപൂരി | Mango thotapuri | 1 | | | |
| നേന്ത്രൻ | Nendran | 1 | | | |
| തണ്ണിമത്തൻ | Water melon(ordinary) | 1 | | | |
| തണ്ണിമത്തൻ കിരൺ | Water melon(Kiran) | 1 | | | |
| **9/9** | | | **1/1** | | |

കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ
(Pesticide detected)
1 sample of 1 type
1 ഇനത്തിൽപെട്ട 20 സാമ്പിൾ

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
9 samples of 9 types
9 ഇനത്തിൽപ്പെട്ട 9 സാമ്പിളുകൾ

| Table: 10<br>പട്ടിക: 10 | പൊതുവിപണികളിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|---|
| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
| 1. | മാമ്പഴം മൂവാണ്ടൻ  (Mango Moovandan) 1/1 | സാമ്പിൾ: 1<br>Sample: 1 | ഫെൻവാലറേറ്റ്<br>Fenvalerate | 0.22 ppm |

| Table: 11<br>പട്ടിക: 11 | "ജൈവ" ബ്രാൻഡ് ചെയ്ത് വിൽക്കുന്ന സ്വകാര്യ ഷോപ്പുകളിലെ പഴവർഗ്ഗ സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Fruit samples – Organic shops) | |
|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | 4 |
| ഇനം (Types) | | 4 |
| തിരുവനന്തപുരം<br>TRIVANDRUM | | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
| വെണ്ണപഴം (അവക്കാഡോ) | Avocado | 1 |
| ഡ്രാഗൺ ഫ്രൂട്ട് | Dragon fruit | 1 |
| മുസാംമ്പി | Musambi | 1 |
| മാതളം | Pomegranate | 1 |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
4 samples of 4 types
4 ഇനത്തിൽപ്പെട്ട 4 സാമ്പിളുകൾ

| Table: 10<br>പട്ടിക: 10 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച ഉണങ്ങിയ പഴവർഗ്ഗങ്ങളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Dry fruits - Market) | |
|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | 8 |
| ഇനം (Types) | | 3 |
| തിരുവനന്തപുരം<br>TRIVANDRUM | ആലപ്പുഴ<br>Alapuzha | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
| ഈന്തപഴം | Dates | 1 |
| ഉണക്കമുന്തിരി (കറുപ്പ്) | Raisin black | 2 |
| ഉണക്കമുന്തിരി (മഞ്ഞ) | Raisin Yellow | 5 |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
8 samples of 3 types
3 ഇനത്തിൽപ്പെട്ട 8സാമ്പിളുകൾ

| Table: 11<br>പട്ടിക: 11 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച സംസ്കരിച്ച ഭക്ഷ്യവസ്തുക്കളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Processed food products - Market) | |
|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | 2 |
| ഇനം (Types) | | 2 |
| തിരുവനന്തപുരം<br>TRIVANDRUM | | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
| ഓട്സ് | Oats ordinary | 1 |
| മസാല ഓട്സ് | Masala oats | 1 |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
2 samples of 2 types
2 ഇനത്തിൽപ്പെട്ട 2സാമ്പിളുകൾ

| Table: 12<br>പട്ടിക: 12 | പൊതുവിപണി/ജൈവവിപണിയിൽ കർഷകരിൽ നിന്ന് നേരിട്ടും ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക<br>(Spices – Market/Organic) |
|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | 80 |
| ഇനം (Types) | 24 |

| തിരുവനന്തപുരം | ആലപ്പുഴ | എറണാകുളം | ഇടുക്കി |
|---|---|---|---|
| TRIVANDRUM | ALAPUZHA | ERNAKULAM | IDUKKI |

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
|---|---|---|---|---|---|
| കുരുമുളക് | Black pepper | 4 | അയമോദകം | Ajwain | 1/3 |
| എള്ള് | Black sesame | 2 | ഏലയ്ക്ക | Cardamom | 4/4 |
| മല്ലി | Coriander seed | 1 | വറ്റൽമുളക് | Chilli long dry | 2/5 |
| കറിമസാല | Curry masala | 7 | മുളക്പൊടി | Chilli powder | 5/11 |
| ചുക്ക്പൊടി | Dry ginger powder | 2 | മല്ലിപൊടി | Coriander powder | 1/6 |
| പെരുംജീരകപ്പൊടി | Fennel powder | 1 | ചതച്ചമുളക് | Crushed chilli | 1/2 |
| പെരുംജീരകം | Fennel seed | 3 | ജീരകപൊടി | Cumin powder | 1/2 |
| ഉലുവ | Fenugreek | 1 | ജീരകം | Cumin seed | 3/6 |
| ഗരംമസാല | Garam masala | 5 | ഉലുവയില | Kasuri methi | 2/2 |
| ഗ്രീൻ റ്റീ | Green tea | 2 | | | |
| കാശ്മീരി മുളകുപൊടി | Kashmiri chilli powder | 6 | | | |
| രസംപൊടി | Rasam powder | 1 | | | |
| കുരുമുളകുപൊടി | Black pepper powder | 1 | | | |
| സാമ്പാർപൊടി | Sambar powder | 1 | | | |
| തേയില | Tea powder | 2 | | | |
| **39/39** | | | **20/41** | | |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
39 samples of 15 types
15 ഇനത്തിൽപ്പെട്ട 39 സാമ്പിളുകൾ

**കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ**
(Pesticide detected)
20 samples of 9 types
9 ഇനത്തിൽപെട്ട 20 സാമ്പിളുകൾ

| Table: 13<br>പട്ടിക: 13 | പൊതുവിപണി/ജൈവവിപണിയിൽ കർഷകരിൽ നിന്ന് നേരിട്ടും ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയുടെ സാമ്പിളുകളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|---|
| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
| 1. | അയമോദകം (Ajwain)  1/3 | സാമ്പിൾ: 1<br>Sample: 1 | ക്ലോർപൈറിഫോസ്<br>Chlorpyriphos | 0.06 ppm |
| | | | ഫെൻവാലറേറ്റ്<br>Fenvalerate | 1.26 ppm |
| 2. | ഏലയ്ക്ക (Cardamom)  4/4 | സാമ്പിൾ: 1<br>Sample: 1 | ക്വിനാൽഫോസ്<br>Quinalphos | 2.88 ppm |
| | | | എത്തിയോൺ<br>Ethion | 0.26 ppm |
| | | | ലാംബ്ഡാ സൈഹാലോത്രിൻ<br>Lambda cyhalothrin | 0.54 ppm |
| | | സാമ്പിൾ: 2<br>Sample: 2 | ക്വിനാൽഫോസ്<br>Quinalphos | 6.26 ppm |
| | | സാമ്പിൾ: 3<br>Sample: 3 | ക്വിനാൽഫോസ്<br>Quinalphos | 5.44 ppm |
| | | സാമ്പിൾ: 4<br>Sample: 4 | ക്വിനാൽഫോസ്<br>Quinalphos | 5.54 ppm |
| 3. | വറ്റൽമുളക്  (Chilli long) 2/5 | സാമ്പിൾ: 1<br>Sample: 1 | എത്തിയോൺ<br>Ethion | 0.08 ppm |
| | | സാമ്പിൾ: 2<br>Sample: 2 | എത്തിയോൺ<br>Ethion | 2.80 ppm |
| 4. | മുളക്പൊടി (Chilli powder)  5/11 | സാമ്പിൾ: 1<br>Sample: 1 | എത്തിയോൺ<br>Ethion | 0.67 ppm |
| | | സാമ്പിൾ: 2<br>Sample: 2 | ട്രയസോഫോസ്<br>(Triazophos)<br>* | 1.26 ppm |
| | | സാമ്പിൾ: 3<br>Sample: 3 | ട്രയസോഫോസ്<br>(Triazophos)<br>* | 0.60 ppm |
| | | സാമ്പിൾ: 4<br>Sample: 4 | എത്തിയോൺ<br>Ethion | 0.54 ppm |
| | | സാമ്പിൾ: 5<br>Sample: 5 | ട്രയസോഫോസ്<br>(Triazophos)<br>* | 1.93 ppm |
| * കേരള സർക്കാർ 2011ൽ നിരോധിച്ച കീടനാശിനി | | | | |

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 5. | മല്ലിപൊടി (Coriander powder)  1/6 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് **Chlorpyriphos** | 1.30 ppm |
| | | | സൈപെർമെത്രിൻ **Cypermethrin** | 0.05 ppm |
| 6. | ചതച്ച മുളക് (Crushed chilli)  1/2 | സാമ്പിൾ: 1 Sample: 1 | എത്തയോൺ **Ethion** | 0.07 ppm |
| 7. | ജീരകം (Cumin seed)  3/6 | സാമ്പിൾ: 1 Sample: 1 | പ്രൊഫെനോഫോസ് **(Profenophos)** * | 2.72 ppm |
| | | | സൈപെർമെത്രിൻ **Cypermethrin** | 0.11 ppm |
| | | സാമ്പിൾ: 2 Sample: 2 | ക്ളോർപൈറിഫോസ് **Chlorpyriphos** | 0.21 ppm |
| | | സാമ്പിൾ: 3 Sample: 3 | ക്ളോർപൈറിഫോസ് **Chlorpyriphos** | 0.42 ppm |
| 8. | ജീരകപൊടി (Cumin powder)  1/2 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് **Chlorpyriphos** | 0.07 ppm |
| 9. | ഉലുവയില (Kasuri methi)  2/2 | സാമ്പിൾ: 1 Sample: 1 | ക്ളോർപൈറിഫോസ് **Chlorpyriphos** | 0.46 ppm |
| | | സാമ്പിൾ: 2 Sample: 2 | ക്ളോർപൈറിഫോസ് **Chlorpyriphos** | 0.34 ppm |
| | | | ക്യുനാൽഫോസ് **Quinalphos** | 0.80 ppm |

* കേരള സർക്കാർ 2011ൽ നിരോധിച്ച കീടനാശിനി